കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി1/1298/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/10/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി1/1298/2025 തീയ്യതി: 16/10/2025

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2024 മുതൽ 20-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സി.വി.ജ്യോതിഷ് കുമാർ	ഡെപ്യൂട്ടി ഡയറക്ടർ	21-07-2025	01-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-07-2025	01-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.ലീലാകൃഷ്ണൻ.എൻ.എം, (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
2. ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.ദേവാനന്ദ്.ഇ, ഓഡിറ്റർ
4. ശ്രീ.രവികൃഷ്ണൻ.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വി.എം.ഉണ്ണികൃഷ്ണൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ടൈറ്റസ്.പി	സെക്രട്ടറി	01-04-2024	04-09-2024
ശ്രീമതി.അലീമ.പി.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-09-2024	13-10-2024
ശ്രീ.പങ്കജാക്ഷൻ.സി.കെ	സെക്രട്ടറി	14-10-2024	02-03-2025
ശ്രീമതി.അലീമ.പി.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-03-2025	14-03-2025
ശ്രീ.പങ്കജാക്ഷൻ.സി.കെ	സെക്രട്ടറി	15-03-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി .തുഷാര.ടി.വി	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ.കൃഷ്ണദാസ്.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	12-01-2025
ശ്രീമതി .സ്മിത.ടി.വി	അസിസ്റ്റന്റ് എഞ്ചിനീയർ	13-01-2025	31-03-2025
ശ്രീ.അനിൽകുമാർ പാടാച്ചേരി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	28-09-2024
ശ്രീ.അലീമ.പി.പി	അസിസ്റ്റന്റ് സെക്രട്ടറി	29-09-2024	31-03-2025
ഡോ.അജിഷ റോബിൻസ്	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി .പൊന്നി.എം.സി	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ. ഐ.സി .ശ്രീകുമാർ	ഹെഡ് മാസ്റ്റർ	01-04-2024	31-05-2024
ശ്രീ.മനോജ്.സി.കെ	ഹെഡ് മാസ്റ്റർ	14-06-2024	31-03-2025
ശ്രീമതി .മിനി നാരായണൻ.പി.വി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി .ലീന.കെ	ഐ സി ഡി എസ് സൂപ്പർ വൈസർ	01-04-2024	31-07-2024
ശ്രീമതി .വിഭ.വി	ഐ സി ഡി എസ് സൂപ്പർ വൈസർ	01-08-2024	31-03-2025
ഡോ.മഞ്ജുഷ.എൻ	മൈഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	20-01-2025
ഡോ.സബിത.എം.പി	മൈഡിക്കൽ ഓഫീസർ (ആയുർവേദം)	21-01-2025	15-03-2025
ഡോ.സനൽ	മെഡിക്കൽ ഓഫീസർ	16-03-2025	31-03-2025

	(ആയുർവേദം)		
ഡോ.വിഷ്ണു സായി പ്രസാദ്	മെഡിക്കൽ ഓഫീസർ പി എച്ച് സി	01-04-2024	19-05-2024
ഡോ.പ്രശാന്ത്.പി.കെ	മെഡിക്കൽ ഓഫീസർ പി എച്ച് സി	20-05-2024	31-03-2025
ശ്രീ.ദയാനന്ദ്.എം	വി.ഇ.ഒ, പാടിച്ചാൽ സർക്കിൾ	01-04-2024	31-03-2025
ശ്രീ.വിവേക് ഭാസ്കരൻ.എം	വി.ഇ.ഒ, പെരിങ്ങോം സർക്കിൾ	01-04-2024	31-03-2025

01.06.2024 മുതൽ 13.06.2024 വരെ ഹെഡ് മാസ്റ്റർ തസ്തിക ഒഴിവ്

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല .	1-1-1
3	പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-3
5	ദുരിതാശ്വാസനിധി - ബി 4, ബി 17 ഷെഡ്യൂളുകളിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല	1-1-4
6	ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ വിനിയോഗിക്കാത്ത തുക ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല	1-1-5
7	ഹരിത കർമ്മ സേനയ്ക്കു വേണ്ടി വാങ്ങിയ വാഹനത്തിന്റെ മൂല്യം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-6
8	ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.	1-1-7
9	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-8
10	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലുള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
16	ക്ഷേമപദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	ഗ്രാമസഭ	1-10
20	തനത് വരുമാനം കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നത് മൂലമുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.	1-11
21	വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.	1-12
22	സ്വിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ,ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.	1-13
23	ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി.	1-14
24	60 ച.മീ ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി.	1-15
25	നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകി.	1-16
26	രജിസ്ട്രേഷൻ പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ	1-17

	പ്രവർത്തിക്കുന്നു.	
27	സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-18
28	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.	1-19
29	കെട്ടിട നമ്പറില്ലാത്ത പഞ്ചായത്ത് കെട്ടിടം - വാടക വർദ്ധനവില്ലാതെ ലൈസൻസ് എടുക്കാത്ത സ്ഥാപനത്തിന് അനുവദിച്ചു	1-20
30	ഷീ ഷൈൻ ഹെൽത്ത് ക്ലബ് വനിതാ ഫിറ്റ്നസ് സെന്ററിൽ നിന്നും വാടക ഈടാക്കുന്നില്ല	1-21
31	എൽ പി സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം-രേഖകൾ ലഭ്യമാക്കിയില്ല ₹96,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
32	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
33	ലൈഫ് ഭവനനിർമ്മാണം- ഭവന നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്.	1-24
34	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതകളുടെ ഹെൽത്ത് ക്ലബിനെ സ്വയം തൊഴിൽ സംരംഭത്തിൽ ഉൾപ്പെടുത്തി വനിതാ സംരംഭകർക്ക് ധനസഹായം നൽകി- ₹1,50,000 യുടെ ചെലവ് നിരാകരിക്കുന്നു.	1-25
35	പാടിയോട്ടുചാൽ വനിതാ ഫിറ്റ്നസ് സെന്റർ-ഗ്രാമപഞ്ചായത്തിന്റെ ആസ്തി ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾ വരുമാനം ഉണ്ടാക്കുന്നു	1-26
36	എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-27
37	ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1,16,970 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
38	വൈദ്യുതി ചാർജ്ജ് അടയ്ക്കൽ - മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല	1-29
39	KSEB വൈദ്യുതി കണക്ഷനും അംഗൻവാടിയുടെ കുഴൽ കിണർ റിപ്പയറും സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1,06,822 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-30
40	വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് - വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല- ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
41	ജൽജീവൻ മിഷൻ പദ്ധതി	1-32
42	ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗം- ഗ്രാമപഞ്ചായത്ത് തല അവലോകനം	1-33
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതകളുടെ ഹെൽത്ത് ക്ലബിനെ സ്വയം തൊഴിൽ സംരംഭത്തിൽ ഉൾപ്പെടുത്തി വനിതാ സംരംഭകർക്ക് ധനസഹായം നൽകി- ₹1,50,000 യുടെ ചെലവ് നിരാകരിക്കുന്നു.	3-1

ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	വായ്പ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.05.2025 ലെ 3/2025(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 31.05.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
16.10.2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല .

A) 2011 ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 F പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

B) 2011 ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

C) 2011 ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2024-25 വർഷം നൽകിയ പാർട്ട് ബിൽ (പ്രൊ.നം.172/25, 202/225) പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 06.07.2011-ലെ ജി.ഒ.(എം.എസ്)നം.152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-1-4 ദുരിതാശ്വാസനിധി - ബി 4, ബി 17 ഷെഡ്യൂളുകളിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസനിധി - ബി4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹24,707യും ബി 17 ഷെഡ്യൂൾ പ്രകാരമുള്ള (അക്കൗണ്ട് നമ്പർ: 13280100127052-ഫെഡറൽ ബാങ്ക്) നീക്കിയിരിപ്പ് ₹24,207യുമാണ്. വ്യത്യാസം ₹500.

1-1-5 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ വിനിയോഗിക്കാത്ത തുക ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല

2024-25 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ കെ എസ് ഇ ബി ക്ക് ₹82,238 യും ഭൂജലവകുപ്പിന് ₹23,500 യും മുൻകൂർ നൽകിയിരുന്നു. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. എന്നാൽ ബി-18 ഷെഡ്യൂളിൽ പ്രസ്തുത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ഹരിത കർമ്മ സേനയ്ക്ക് വേണ്ടി വാങ്ങിയ വാഹനത്തിന്റെ മൂല്യം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹരിതകർമ്മസേനയ്ക്ക് വേണ്ടി വാങ്ങിയ വാഹനത്തിന്റെ മൂല്യം (₹9,02,300 - പ്രോജക്റ്റ് നം. 207/25) ആസ്തിയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

അസറ്റ് രജിസ്റ്ററിൽ ഡിപ്രീസിയേഷൻ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

1-1-8 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2025 ലാണ് അക്രൂവൽ എൻട്രി നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി, തൊഴിൽ നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ 31.03.2025 തീയതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-9 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലുള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

"Net Decrease In Cash And Cash Equivalents" (₹1796173) എന്ന തുകയും "Net Cash From Operating+ Investment+ Financing Activities" (₹82243530) എന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.02.2024 തീയതിയിലെ തീരുമാനം നമ്പർ 34/2024 പ്രകാരവും പുതുക്കിയ ബജറ്റ് 21.05.2025 തീയതിയിലെ തീരുമാനം നമ്പർ 1/2 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ് (₹)	1,18,09,255	2,78,65,557
പ്രതീക്ഷിത വരവ് (₹)	64,49,92,923	37,06,95,068
ആകെ (₹)	65,68,02,178	39,85,60,625
പ്രതീക്ഷിത ചെലവ് (₹)	65,25,20,963	38,04,10,969
നീക്കിയിരിപ്പ് (₹)	42,81,215	1,81,49,656

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ തോതിൽ വ്യത്യാസപ്പെട്ടിട്ടുണ്ട്. സാരമായ വ്യത്യാസം വന്നിട്ടുള്ളത് ഭാവിയിൽ പരിശോധനാ വിധേയമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹5,08,33,038
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹6,59,79,648
ആകെ	₹11,68,12,686
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹6,41,83,475
നീക്കിയിരിപ്പ്	₹5,26,29,211
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹1,50,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹4,69,792

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നേരിട്ടുള്ള വരവ് ചെലവ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവ് ചെലവുകൾ പൂർണ്ണമല്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസന ഫണ്ട് - ജനറൽ	0	2,67,15,050	2,67,15,050	2,67,15,050	0
വികസന ഫണ്ട് - എസ്.സി.പി	0	30,10,427	30,10,427	28,25,573	1,84,854
വികസന ഫണ്ട് - ടി.എസ്.പി	0	10,06,000	10,06,000	10,06,000	0
മെയിന്റനൻസ് ഗ്രാന്റ്, റോഡ്	0	2,28,38,000	2,28,38,000	1,18,54,484	1,09,83,516
മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ്	0	1,74,98,000	1,74,98,000	1,28,78,065	46,19,935
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക് *	9,23,996	50,21,705	59,45,701	11,77,662	47,68,039
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് *	86,50,329	14,072,827	2,27,23,156	96,58,071	1,30,65,085
ഐ സി ഡി എസ്-കേന്ദ്രവിഹിതം	35,92,801	29,29,827	65,22,628	34,02,455	31,20,173
സാക്ഷരത	1,224	. 49	1,273	0	1,273
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്(ജില്ലാതലം)	10,10,000	0	10,10,000	9,02,300	1,07,700
എം പി ഫണ്ട്	9,022	159	9,181	9,181	0
മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ	12,940	0	12,940	0	12,940
വിമുക്തി	6,160	0	6,160	0	6,160
എസ് എസ് എ	1,70,652	0	1,70,652	0	1,70,652
ടി എസ് സി	21,64,909	0	21,64,909	0	21,64,909
ജലനിധി	41,329	5,697	47,026	0	47,026

മറ്റ് സർക്കാർ ഏജൻസിയിൽ നിന്നും ലഭിച്ച തുക (ലൈഫ്-സ്റ്റേറ്റ് ഷെയർ)	16,83,874	3,93,052	20,76,926	7,00,011	13,76,915
നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഗ്രാന്റ്	4,50,000	0	4,50,000	0	4,50,000
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ	10,08,525	4,41,684	14,50,209	5,68,881	8,81,328
ഹെൽത്ത് ഗ്രാന്റ്-വെൽനസ് സെന്റർ	1,90,154	6,73,794	8,63,948	1,66,037	6,97,911
ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ്ലെസ് സബ്സെന്റേഴ്സ്	28,05,500	95,097	29,00,597	0	29,00,597
നാഷണൽ ഹെൽത്ത് മിഷൻ	0	14,00,000	14,00,000	14,00,000	0
ശുചിത്വ മിഷൻ	0	4,60,000	4,60,000	4,60,000	0
ലൈബ്രറി ഗ്രാന്റ്	0	12,410	12,410	12,410	0

* ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ ചെലവ് സുലേഖ പ്രകാരം ₹10835733 ആണ് (CFC Basic: ₹1177372+CFC Tied: ₹6199259+CFC Tied (2020-21)- ₹3458812+CFC Basic (2020-21)- ₹290). വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് ₹11012332 (CFC Basic: ₹6293270+CFC Tied: ₹1269960+CFC Tied (2020-21) – ₹3458812+CFC Basic (2020-21) – ₹290) ആണ്. ആയത് തമ്മിലുള്ള വ്യത്യാസം ₹176599 ആണ് (11012332-10835733=176599). ടി വ്യത്യാസത്തിന് കാരണം 2023-24 സാമ്പത്തിക വർഷത്തെ (മാർച്ച് മാസം) സി.എഫ്.സി. പ്രൊജക്ട് പേമെന്റ് നടത്തിയപ്പോൾ കിഴിവ് ചെയ്ത റിക്കവറി തുകകൾ (₹176495) അടവാക്കിയത് 2024-25 സാമ്പത്തിക വർഷത്തിലാണ്. കൂടാതെ ₹104 ബാങ്ക് ചാർജ്ജിനത്തിൽ പേമെന്റ് നടത്തിയതും ആണ് (176495+104=176599).

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
226	18,15,40,927	151	9,32,36,399	21	130	75	57.52

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	ചെലവ് ശതമാനം
കൃഷി ഓഫീസർ	9	9	43,00,179	43,00,179	100
വെറ്ററിനറി സർജ്ജൻ	5	5	19,42,600	19,38,505	99.79
മെഡിക്കൽഓഫീസർ, താലൂക്ക് ആശുപത്രി	8	6	34,47,437	19,12,510	55.48
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	4	4	25,30,000	25,30,000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	15	11	3,45,50,520	2,14,82,670	62.18
ഐസിഡിഎസ് സൂപ്പർവൈസർ	13	13	76,98,171	72,51,565	94.2
സെക്രട്ടറി	35	25	2,67,86,520	94,92,511	35.44
അസിസ്റ്റന്റ് എഞ്ചിനീയർ	122	64	9,46,72,270	3,93,47,065	41.56
ഹെഡ് മാസ്റ്റർ	9	9	24,41,000	21,87,304	89.61
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	24,84,900	21,26,657	85.58
അസിസ്റ്റന്റ് സെക്രട്ടറി	5	4	6,87,330	6,67,433	97.1
ആകെ	226	151	18,15,40,927	9,32,36,399	51.36

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണചെലവുകൾ	0	23,58,513	23,58,513	23,48,979	9,534
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	4,10,21,602	4,10,21,602	4,10,21,602	0
ആകെ	0	4,33,80,115	4,33,80,115	4,33,70,581	9,534

1-7 ക്ഷേമപദ്ധതികൾ

സാമൂഹ്യ ക്ഷേമ പെൻഷൻ വിവരങ്ങൾ

ഇനം	2024-25 ൽ ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	68,68,000	3620
വിധവാ പെൻഷൻ	2,74,96,700	19311
വാർദ്ധക്യകാല പെൻഷൻ	4,98,98,100	30007
ഭിന്നശേഷി പെൻഷൻ	67,99,400	3917
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം	1,50,000	5
50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	13,64,200	722

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2025ന് 2 Pm ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹440 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ

ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ

വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സാക്ഷ്യപത്രം അതത് രജിസ്റ്ററുകളിൽ പതിപ്പിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയോ പുതിയ നിർമ്മാണങ്ങൾക്കായുള്ള ചെലവുകൾ രേഖപ്പെടുത്തി ആസ്തി വിവരങ്ങൾ കാലികമാക്കുകയോ ചെയ്യുന്നില്ല. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ കൃത്യമാക്കി സൂക്ഷിക്കാത്തത് അപാകമാണ്.

ഭൂനികുതി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് അടിസ്ഥാന ഭൂനികുതി ഒടുക്കാത്തത് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതുണ്ട്.

1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ പതിനാറ് വാർഡുകളിലും 2 തവണ ഗ്രാമസഭകൾ വിളിച്ചു ചേർത്തിട്ടുണ്ട്. ജൂലൈ, ഡിസംബർ മാസങ്ങളിലായി നടത്തിയ ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ താഴെ പറയുന്നവയാണ്.

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി അവലോകനം, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2023-24 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ അവതരിപ്പിക്കൽ, ശുചിത്വം മാലിന്യ സംസ്കരണം,മഴക്കാല പൂർവ്വ ശുചീകരണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്, 2025-26 വാർഷിക പദ്ധതി രൂപീകരണം, മാലിന്യ മുക്ത നവകേരളം, എംജിഎൻ ആർ ഇ ജി എസ് 2025-26 ആക്ഷൻ പ്ലാൻ അംഗീകരിക്കൽ.

ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുത്തവരിൽ പതിനഞ്ച് പേർ സാക്ഷ്യപ്പെടുത്തണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് രാജ് ആക്ടിൽ നിർദ്ദേശിച്ചു പ്രകാരം കുറഞ്ഞ പക്ഷം മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ വിളിച്ചു ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 തനത് വരുമാനം കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നത് മൂലമുണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഇ-പേയ്മെന്റ്, യു പി ഐ അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളാണ്. കറന്റ് അക്കൗണ്ടിൽ വരുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

ബാങ്കിന്റെ വിവരം	31.03.2025ലെ നീക്കിയിരിപ്പ് (₹)
എസ്ബിഐ (അക്കൗണ്ട് നമ്പർ-37062624707)	20,81,019

മേൽ സൂചിപ്പിച്ച പ്രകാരം കറന്റ് അക്കൗണ്ടിൽ നിന്നും നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുകയോ സ്ഥിരനിക്ഷേപമാക്കുകയോ ചെയ്ത് പലിശയിനത്തിലുള്ള വരുമാനനഷ്ടം ഒഴിവാക്കേണ്ടതാണ്.

1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

22.03.2023ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫോറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 14/26.07.2025) മറുപടിയായി നിലവിൽ ജി.ഐ.എസ് മാപ്പിംഗ് നടപ്പിലാക്കിയിട്ടില്ലെന്നും 2025-2026 വർഷം നടപ്പിലാക്കുന്നതിനു വേണ്ടി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡുമായി കരാർ വെച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ശരിയായ വസ്തു നികുതി ഈടാക്കാൻ സാധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടന്നു വരുന്നുണ്ടെന്നും 2024-25 വർഷം 54 കെട്ടിടങ്ങളുടെ ടാക്സ് റിവിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 353 പേർ 9 ബി ഫോറം സമർപ്പിച്ചതിൽ 124 പേരുടെ നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സ്വിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ,ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

സ.ഉ(പി)നം.25/2023/തസ്വഭവ തീയതി: 05.04.2023, എസ്.ആർ.ഒ. നമ്പർ:479/2023 എന്നിവ പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും, കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (₹)	ഏറ്റവും കൂടിയ നിരക്ക് (₹)
സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ	25	45

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് 20.04.2023 തീയതിയിൽ 122/2023 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും സ്വിമ്മിങ്ങ് പൂളുകളുടെയും നികുതി നിരക്ക് ₹25 ആയി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധനാവിധേയമാക്കിയിട്ടുണ്ടോയെന്നും ഇവയുടെ നിർമ്മാണം ക്രമവൽക്കരിച്ച് ഒക്യുപ്പൻസി അനുവദിച്ച് വസ്തു നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നതിനായും യൂറോസ് സ്പോർട്സ് അറീന ഫുട്ബാൾ ആൻഡ് ക്രിക്കറ്റ് ടർഫ് ഓലയമ്പാടി ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നതാണോയെന്നും ആണെങ്കിൽ പ്രസ്തുത സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വസ്തു നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/26.07.2025) മറുപടിയായി നിലവിൽ ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് ടാക്സ് ഈടാക്കുന്നില്ലെന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് പരിധിയിലെ ജിംനേഷ്യങ്ങൾക്ക് വാണിജ്യ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതിന്റെ നികുതി ഈടാക്കി വരുന്നുണ്ടെന്നും യൂറോസ് സ്പോർട്സ് അറീന ഫുട്ബാൾ ആൻഡ് ക്രിക്കറ്റ് ടർഫ് ഓലയമ്പാടി ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നതാണെന്നും ആയതിന് നിലവിൽ ലൈസൻസും വസ്തു നികുതിയും ഇല്ലെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവയിൽ നിന്നും വസ്തു നികുതിയും ലൈസൻസ് ഫീസും ഈടാക്കേണ്ടതാണ്.

1-14 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി.

ജി.ഒ(എം.എസ്)നം.144/15/തസ്വഭവ തീയതി: 27.04.2015, ജി.ഒ(എം.എസ്)നം.358/15/തസ്വഭവ തീയതി: 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

പേര് /വിലാസം	വാർഡ്/ കെട്ടിട.നം	വിസ്തീർണം (ച.മീ)
തലക്കാട്ട് കുഞ്ഞിക്കണ്ണൻ	1/175	4
	1/176	12
	1/177	15
കരുവാച്ചേരി ഓട്ടേൻവീട്ടിൽ കൃഷ്ണൻ	1/282	32
	1/283	14
കയ്യനങ്ങാടൻ ചവണിയൻ	2/219	48
	2/224	18
	2/225	3
മുട്ടത്തുപാറ ആന്റണി	2/382	16
	2/383	150
	2/384	18
	2/385	3
പുളുക്കൽ ഹംസ	3/747	60
	3/748	10
	3/749	16
തെക്കെപുരയിൽ സബിയത്ത്	5/206	60
	5/207	60
വാഴപ്പള്ളിയിൽ ഭാസ്കരൻ	5/243	80
	5/244	80
ഇടവലത്ത് മറിയക്കുട്ടി	10/532	68
	10/533	56

കെ.വി കൃഷ്ണൻ	13/49	30
	13/50	20
ഡി. മോഹനൻ ഷേണായി	14/308	8
	14/310	18
	14/311	30
	14/312	6
	14/313	6
പുതിയടത്ത് സൂരജ്	14/620	30
	14/621	12
	14/622	26
കെ.കെ കുഞ്ഞിരാമപൊതുവാൾ	15/217	90
	15/216	10
	15/219	40
നടുവിലെ പറമ്പിൽ പുന്നൂസ്	15/198	40
	15/199	15
	15/200	6
തേക്കുംമൂട്ടിൽ തോമസ്	15/366	8
	15/368	100

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/26.07.2025) മറുപടിയായി ഒരു കുടുംബനാഥന്റെ ഉടമസ്ഥതയിലുള്ള ഒന്നിൽ കൂടുതലുള്ള വീടുകൾക്ക് സഞ്ചയയിൽ നികുതി ഒഴിവാക്കിയത് പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു വാസഗൃഹത്തിന് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 60 ച.മീ ൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ)	ഉടമസ്ഥന്റെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം
1	2/55	85	പി.വി ഗോപിനാഥൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
2	2/101	95	പൊൻമലക്കുന്നേൽ ജോണി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
3	2/110	63	അലകനാൽ വർക്കി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
4	2/418	62	പള്ളിക്കര പടിഞ്ഞാറെ വീട്ടിൽ ജാനകി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
5	2/937	65	വരിക്കാട്ടു രവീന്ദ്രൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
6	2/963	95	കരാളെ രാമകൃഷ്ണൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ

7	2/966	90	വെളിച്ചംതോടൻ പടിഞ്ഞാറെ വീട്ടിൽ രവീന്ദ്രൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
8	3/369A	115	ഉന്തക്കാച്ചി സൗദാബി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
9	3/533	90	പുത്തൻവീട്ടിൽ അമൽ വിജയൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
10	3/549	105	കാനാവീട്ടിൽ വിജയ	പാർപ്പിടാവശ്യം
11	3/586	180	പള്ളിക്കുന്നേൽ ജോയ്	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
12	3/713	95	എഴുത്തൻതിടിൽ വീട്ടിൽ ശ്രീധരൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
13	4/99	106	നങ്ങാരത്ത് മുഹമ്മദ് കുഞ്ഞി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
14	4/215	120	കൊവ്വൻവീട്ടിൽ നാരായണൻ	പാർപ്പിടാവശ്യം
15	4/231	65	രാമപുരത്ത് കൊഴുമ്മൽ കുഞ്ഞിരാമൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
16	4/248	70	ഇടമുള്ളവയലിൽ അപ്പു	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
17	4/272	65	ടി.വി നാരായണൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
18	4/291	65	എഴുത്തൻതിടിൽ വീട്ടിൽ നാരായണൻ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
19	5/87	65	പുളുക്കൽ ചെല്ലാനത്ത് ആമിന	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
20	5/403	65	ചാലിൽ പലേരി വത്സലകുമാരി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
21	5/463	80	കായക്കുൽ തിരുവട്ടൂർ നസീറ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
22	6/31	62	മണ്ണിശ്ശേരി ഫാരിസ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
23	7/171	88	മുത്തുവാംകുഴി കുഞ്ഞൂഞ്ഞ്	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
24	8/73	73	കരിക്കളപീടികയിൽ ഇബ്രായിൽ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
25	8/115	82	സജി കാവാലം	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
26	9/269	80	കാമ്പ്രത്ത് ഹരിദാസ്	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
27	14/378	70	പൈതലേൻ ബിജു	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
28	14/380	80	പൈതലച്ചി ഭവാനി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ

29	15/217	90	കെ.കെ കുഞ്ഞിരാമ പൊതുവാൾ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
30	16/109	78	ചേനോത്ത് ആയിസുമ്മ	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി നൽകിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/26.07.2025) മറുപടിയായി സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾക്ക് വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ബാധകമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-16 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകി.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 207-ൽ വസ്തു നികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ/ഉടമയുടെ പേര്	വിസ്തീർണം (ച.മീ)
1/454	സെക്രട്ടറി, ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ്	20
1/513	സെക്രട്ടറി, എസ്.എൻ.ഡി.പി മന്ദിരം	60
5/139	എസ്.എൻ.ഡി.പി ഓഫീസ് ഏണ്ടി	45
6/441	സെക്രട്ടറി, സി.പി.ഐ.എം കുണ്ടുവാടി	14
6/533	കോൺഗ്രസ് ഓഫീസ് കടാക്കുന്ന്	40
7/140	സെക്രട്ടറി, സി.പി.ഐ.എം കടാക്കുന്ന്	32
11/555	യുവധാര ആർട്സ് & സ്പോർട്സ് ക്ലബ്	20
12/26	ഇ.എം.എസ് മന്ദിരം	30
12/194	സി.പി.ഐ.എം. ഓഫീസ് തവിടിശ്ശേരി	28
13/177	സെക്രട്ടറി, സി.പി.ഐ.എം. അരവഞ്ചാൽ	72
12/317	ഉദയകലാസമിതി	30
15/36	എൻ.എസ്.എസ് ഓഫീസ്	18
15/528	സെക്രട്ടറി ശ്രേയസ് ആർട്സ് & സ്പോർട്സ് ക്ലബ്	60
16/40	പ്രോമിസ് ആർട്സ് & സ്പോർട്സ് ക്ലബ്	30

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/26.07.2025) മറുപടിയായി സഞ്ചയ അസസ്സ്മെന്റ് പ്രകാരം നിലവിൽ വസ്തു നികുതി ഒഴിവാക്കപ്പെട്ട ക്ലബുകൾ, പാർട്ടി ഓഫീസുകൾ എന്നിവയ്ക്ക് വസ്തു നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഒഴിവ് ബാധകമല്ലാത്ത മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 രജിസ്ട്രേഷൻ പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ പഞ്ചായത്ത്‌രാജ് നിയമം (വകുപ്പുകൾ 269 മുതൽ 271 വരെ) പ്രകാരവും 1997 ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരവും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ ലൈസൻസ് കൂടി എടുക്കേണ്ടതാണ്. 2023-24 കാലയളവിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള (പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2024-25 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

സ്ഥാപനം	നടത്തിപ്പുകാരന്റെ പേര്
രാഹുൽ ചന്ദ്രൻ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്	രാഹുൽ ചന്ദ്രൻ

ഡി കെയർ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്	മിഥുൻ രാമചന്ദ്രൻ
വി കെയർ ഹോമിയോ ക്ലിനിക്ക്	ഡോ. വർണ്ണ മാത്യ
ഡി കെയർ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്	ഡോ. അജിത് കുമാർ കെ.പി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/26.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-18 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കിയിട്ടില്ല.

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01.04.2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കന്ററി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത്‌രാജ് ആക്ട് 207 ബി എ വകുപ്പ് റദ്ദാക്കുകയുണ്ടായി. ആയത് പ്രകാരം 01.04.2023 മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തുനികുതി ഈടാക്കേണ്ടതുണ്ട്.

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത അൺ എയ്ഡഡ് സ്കൂളുകൾ 2024-25 സാമ്പത്തിക വർഷം പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സ്ഥാപനം	വാർഡ്/കെട്ടിട നമ്പർ
സാൻജോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ	8/232
ട്ടൂ ലൈറ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,പാടിയോട്ടുചാൽ	4/338 എ, 4/338ബി, 4/338സി
അൽ മഹർ ഇംഗ്ലീഷ് സ്കൂൾ, വയക്കര	കെട്ടിട നമ്പർ ലഭ്യമല്ല

ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 01.04.2023 മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/31.07.2025) മറുപടിയായി ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതും കൂടുതൽ പരിശോധന നടത്തി ഈ വിഭാഗത്തിലുൾപ്പെടുന്ന മറ്റ് സ്ഥാപനങ്ങളുണ്ടെങ്കിൽ അവയിൽ നിന്നും വസ്തുനികുതി ഈടാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-19 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയായി ഈടാക്കിയത് കുറഞ്ഞ തുകയാണ്.

സ്ഥാപനം	പേര്	തസ്തിക	അർദ്ധ വർഷം	ആകെ അർദ്ധ വാർഷിക വരുമാനം (₹)	ഈടാക്കിയ തൊഴിൽ നികുതി (₹)	ഈടാക്കേണ്ട തൊഴിൽ നികുതി (₹)	കുറവ് വന്ന തുക (₹)
വില്ലേജ് ഓഫീസ് പെരിങ്ങോം, പെരിന്തട്ട	ഹരി വി.പി	വി.എഫ്.എ	II	64,744	600 1240606462/ 13.03.2025	750	150
ജി.എച്ച്. എസ്.എസ് തവിടിശ്ശേരി	വിനീത എം	എഫ്.ടി.എം	II	74,250	600 1240605945/ 27.02.2025	750	150

സോന ഗോൾഡ്, പാടിയോട്ടുചാൽ	ബാബു ടി.എം	മാനേജർ	II	27,500	320 1240606997/ 27.03.2025	450	130
സോന ഗോൾഡ്, പാടിയോട്ടുചാൽ	ശങ്കർ	സെയിൽസ്	II	25,500	320 1240606997/ 27.03.2025	450	130
സോന ഗോൾഡ്, പാടിയോട്ടുചാൽ	ജയേഷ് പി.പി	സെയിൽസ്	II	19,500	320 1240606997/ 27.03.2025	450	130

2) എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ നിരവധി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം)
ലബോ മെഡ് മെഡിക്കൽ ലബോറട്ടറി	3
ഓറിയോൺ വെറ്ററിനറി ക്ലിനിക്ക്	2
പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം, പാടിയോട്ട്ചാൽ	2
സോയോ ബാത്ത് വെയർ	2
സഹകാർ മെഡിക്കൽസ് & സർജിക്കൽസ്	2
മദീന ഫർണ്ണിച്ചർ	2
കളർ ഹൗസ്	2
ഷവായ സ്പോട്ട് ഹോട്ടൽ	2
അറബിക്ക ബേക്കേഴ്സ് & കഫേ	2
ഫാത്തിമാസ് റസ്റ്റോറന്റ്	2
ഹരിത ഗ്രൂപ്പ്	2
ക്യു വൺ മൊബൈൽ	2
ഡിലൈറ്റ് ഫാമിലി റസ്റ്റോറന്റ്	2

3) തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ സ്ഥാപനങ്ങൾ ശമ്പള വിവരം കൃത്യമായി രേഖപെടുത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ശമ്പള വിവരം രേഖപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനം
കൈരളി ന്യൂട്രിമിക്സ്, ഞെക്ലി
രാജാസ് ഹോളോ ബ്രിക്സ്, മാടക്കാംപൊയിൽ
കള്ള് ഷാപ്പ്, പെരിങ്ങോം
പാടിച്ചാൽ കള്ള് ഷാപ്പ്
വയക്കര ഫ്യൂയൽസ്
മലബാർ മെഡിക്കൽ ട്രസ്റ്റ്, പാടിയോട്ടുചാൽ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-20 കെട്ടിട നമ്പറില്ലാത്ത പഞ്ചായത്ത് കെട്ടിടം – വാടക വർദ്ധനവില്ലാതെ ലൈസൻസ് എടുക്കാത്ത സ്ഥാപനത്തിന് അനുവദിച്ചു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പാടിയോട്ടുചാൽ സാനിറ്ററി കോംപ്ലക്സ് നടത്തുന്നതിനായി എം.വി രവീന്ദ്രൻ, പ്രസിഡന്റ്, വ്യാപാരി വ്യവസായി സമിതി പാടിയോട്ടുചാൽ യൂണിറ്റ് എന്നവർക്ക് കെട്ടിട നമ്പർ ഇല്ലാത്ത പഞ്ചായത്ത് വക കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ട്. മാസവാടകയായി ₹1,050 ആണ് കാലാകാലങ്ങളായി ഈടാക്കുന്നത്. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളും, മുറികളും, സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ പ്രകാരം മുറികൾ

കൈവശം വയ്ക്കാനുള്ള അവകാശം വർഷാ വർഷമോ അഥവാ പരമാവധി മൂന്ന് വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കോ മാർച്ച് 31 ന് അവസാനിക്കും വിധം പരസ്യലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നത്. പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻവാടകക്കാരന് തന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. എന്നാൽ അധിക വാടക നിലവിലുള്ള വാടക തുകയേക്കാൾ അഞ്ച് ശതമാനത്തിൽ കൂടാൻ പാടില്ല. മറ്റെല്ലാ കെട്ടിടങ്ങൾക്കും പ്രതിവർഷം വാടക വർദ്ധനവ് വരുത്തുമ്പോൾ മേൽ കെട്ടിടത്തിനു മാത്രം വർദ്ധനവ് വരുത്താത്തതിന്റെ കാരണം അറിയിക്കേണ്ടതിനും കെട്ടിടം വാടകയ്ക്ക് നൽകിയ ഭരണസമിതി തീരുമാനവും എം.വി രവീന്ദ്രൻ എന്നവരുമായി ഏർപ്പെട്ട വാടക കരാറും സാനിറ്ററി കോംപ്ലക്സ് നടത്തുന്നതിനായി എടുത്ത ലൈസൻസ് വിവരങ്ങളും കെട്ടിട നമ്പറില്ലാത്തതിന്റെ കാരണവും ഏത് സാമ്പത്തിക വർഷം മുതലാണ് ഈ കെട്ടിടം വാടകയ്ക്ക് നൽകിയതെന്നുള്ളതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോയിൽ പറഞ്ഞിരിക്കുന്ന അഞ്ച് ശതമാനത്തിനുള്ളിലുള്ള വർദ്ധനവ് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുത്തേണ്ടതും കെട്ടിട നമ്പർ നൽകി ഇവിടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-21 ഷീ ഷൈൻ ഹെൽത്ത് ക്ലബ് വനിതാ ഫിറ്റ്നസ് സെന്ററിൽ നിന്നും വാടക ഈടാക്കുന്നില്ല

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഷീ ഷൈൻ ഹെൽത്ത് ക്ലബ് എന്ന പേരിൽ വനിതാ ഫിറ്റ്നസ് സെന്റർ 2/574 F2 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം വസ്തു നികുതി ഒഴിവാക്കി നൽകിയ, സെക്രട്ടറി പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് ഉടമസ്ഥനായിട്ടുള്ള കെട്ടിടമാണ്. കവിത വി, സവിത വി എന്നിവർ ലൈസൻസ് എടുത്ത വനിതാ ഫിറ്റ്നസ് സെന്റർ പ്രവർത്തിക്കുന്ന പഞ്ചായത്ത് കെട്ടിടത്തിൽ നിന്നും വാടക ഈടാക്കുന്നില്ല. ഈ കെട്ടിടത്തിൽ നിന്നും വാടക ഈടാക്കിയതിന്റെ രേഖകളും വാടക കരാറും പരിശോധനയ്ക്ക് ലഭ്യമാക്കുവാനും സ്ഥാപനത്തിന് പഞ്ചായത്ത് ബിൽഡിംഗ് വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 29/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് കെട്ടിടം വാടക ഈടാക്കാതെ വിട്ടുനൽകുന്നത് വരുമാന നഷ്ടമുണ്ടാക്കുമെന്നതിനാൽ ഭരണസമിതി തീരുമാനമെടുത്ത് വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 എൽ പി സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം-രേഖകൾ ലഭ്യമാക്കിയില്ല ₹96,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രൊജക്ട് നമ്പർ, പേര്	S0095/25-സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം
അടങ്കൽ	₹1,00,000- വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം
ചെലവ്	₹96,000, ബിൽ നമ്പർ: 307/10-03-2025

ഗ്രാമപഞ്ചായത്ത് പരിധിയിലെ കായികാധ്യാപകരില്ലാത്ത 8 പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾക്ക് 16 ദിവസത്തെ കായിക പരിശീലനം നടത്തുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 28.09.2024 തീയതിയിലെ A1/02/2024-25 നമ്പർ ഉത്തരവ് പ്രകാരം 4 കായിക അധ്യാപകരെ ദിവസം ഒന്നിന് ₹750 നിരക്കിൽ വേതനം നൽകി 2024-25 സാമ്പത്തിക വർഷം പരമാവധി 16 ദിവസം സേവനം നൽകുന്നതിനായി നിയമിച്ചിരുന്നു. പ്രസ്തുത പ്രോജക്ടിനായി ഓഡിറ്റ് കാലയളവിൽ ₹96,000 ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്ത അപാകങ്ങളുണ്ട്.

1. 28.05.2022 തീയതിയിലെ സ.ഉ.(കൈ.)നം.115/2022/തസ്വഭവ പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4.2 പ്രകാരം **ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും** ചുമതലയിലുള്ള അപ്പർ പ്രൈമറി/ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിൽ കായിക അധ്യാപകരില്ലെങ്കിൽ കരാടിസ്ഥാനത്തിൽ ഒരു അധ്യയന വർഷം പരമാവധി 10 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം ₹15,000 ക്രമത്തിൽ ബി.പി.എഡ്/എം.പി.എഡ്/തത്തുല്യ യോഗ്യതയുള്ളവരെ നിയോഗിക്കാനും ഖണ്ഡിക 7.4.3 പ്രകാരം **ലോവർ പ്രൈമറി സ്കൂൾ കുട്ടികളുടെ** കായിക ക്ഷമത വർധിപ്പിക്കുന്നതിനായി ശാസ്ത്രീയമായ വ്യായാമമുറകൾ ക്ലാസ് ടീച്ചറുടെ സാന്നിധ്യത്തിൽ സ്കൂൾ കമ്മ്യൂണിറ്റി സ്പോർട്സ് ലീഡേഴ്സിന്റെ/സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്യുന്നതിന് പര്യാപ്തമായ പ്രോജക്ടും ആണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി തിരഞ്ഞെടുത്ത 8 സ്കൂളുകളിൽ ജി.യു.പി.എസ്.പോത്താംകണ്ടം ഒഴികെയുള്ള 7 സ്കൂളുകളും എൽ പി സ്കൂളുകളാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലുള്ള സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിട്ടില്ല എന്നിരിക്കെ പ്രോജക്ട് നടപ്പിലാക്കിയതിന് കാരണം വ്യക്തമല്ല.

2. ഗ്രാമപഞ്ചായത്തിലെ 8 സ്കൂളുകളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് ശ്രീമതി.സുജാത കെ വി, ശ്രീ.ഇ ദാമോദരൻ, ശ്രീമതി.നിമിഷ പി വി, ശ്രീ.പ്രഭാകരൻ ടി ജി എന്നീ കായികാധ്യപകരെ തിരഞ്ഞെടുക്കുകയും ആകെ 128 ദിവസം (16 ദിവസം X 8 സ്കൂൾ) കുട്ടികൾക്ക് പരിശീലനം നൽകിയതിന് ഒരോ അധ്യാപകർക്കും ₹24,000 വീതം (16 ദിവസം X 2 സ്കൂൾ X ₹750) ആകെ ₹96,000 മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിൽ പരാമർശിക്കാത്തതും 26.07.2023 തീയതിയിലെ സ.ഉ(സാധാ)നം.1528/2023/ത.സ്വ.ഭ.വ യിൽ ഉൾപ്പെടാത്തതുമായ പ്രസ്തുത പരിശീലന പദ്ധതിയിൽ ഇപ്രകാരം കായിക പരിശീലനത്തിന് വേതനം നൽകിയതിന് കാരണം വ്യക്തമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/01.08.2025) മറുപടി ലഭ്യമാക്കാത്തതിനാൽ ₹96,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രൊജക്ട് നമ്പർ, പേര്	S0094/25- പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് നൽകൽ
അടങ്കൽ	₹96,000-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണവിഹിതം ₹39,000-വികസനഫണ്ട്-ടിഎസ്പി ആകെ അടങ്കൽ: ₹1,35,000
ചെലവ്	₹96,000-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണവിഹിതം ₹35,846-വികസന ഫണ്ട്-ടിഎസ്പി ആകെ ചെലവ്: ₹1,31,846
ബിൽ നമ്പർ/തീയതി	332/15.03.2025

ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് അവരുടെ പഠനം മെച്ചപ്പെടുത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. 10.03.2025 തീയതി നടന്ന ഭരണസമിതി യോഗത്തിലെ 32/2025(1) നമ്പർ തീരുമാനം പ്രകാരം ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട കുമാരി അർച്ചന പി വി എന്ന വിദ്യാർത്ഥിനിക്ക് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 2024-25 വർഷം ഉന്നതപഠനത്തിനായി ₹25,000 സ്കോളർഷിപ്പ് ആയി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സ്കോളർഷിപ്പ് ആനുകൂല്യം നൽകിയിട്ടില്ല എന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 01.08.2025 ന് നൽകിയ 36-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ലൈഫ് ഭവനനിർമ്മാണം- ഭവന നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്.

1. ലൈഫ് ഭവന പദ്ധതി 2022-23 പ്രോജക്ടിന്റെ ഭാഗമായി 2022-23 വർഷത്തിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	ഗുണഭോക്തൃ പട്ടികയിലെ ക്രമ നമ്പർ	വിഭാഗം	ആദ്യ ഗഡുവായി നൽകിയ തുക, തീയതി
1	ശ്രീ.വർഗ്ഗീസ് മുണ്ടയ്ക്കൽ	30	ജനറൽ	₹40,000/21.02.2023
2	ശ്രീ.ഷൈജു പി/ ശ്രീമതി.ധന്യ വി	17	എസ്.സി	₹40,000/18.01.2023

2. ലൈഫ് ഭവന പദ്ധതി 2020 പ്രോജക്ടിന്റെ ഭാഗമായി 2021-22, 2022-23, 2023-24 വർഷങ്ങളിലായി ആദ്യ ഗഡു ഉൾപ്പെടെ പല ഗഡുക്കളായി തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ (2024-25 വർഷം ഗഡു ഒന്നും നൽകിയിട്ടില്ല) നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	ഗുണഭോക്തൃ പട്ടികയിലെ ക്രമ നമ്പർ	വിഭാഗം	ആദ്യ ഗഡുവായി നൽകിയ തുക, തീയതി	31.03.2024 വരെ കൈപ്പറ്റിയ തുക

1	ശ്രീ.രാജീവൻ കെ പി	41	ജനറൽ	₹40,000/20.02.2023	₹3,00,000
2	ശ്രീമതി.അന്നമ്മ പൊന്നം മറ്റത്തിൽ	55	ജനറൽ	₹40,000/20.02.2023	₹3,60,000
3	ശ്രീ.പുതിയടത്ത് ഗോവിന്ദൻ	64	ജനറൽ	₹40,000/21.02.2023 (തുക കൈമാറിയിരിക്കുന്നത് ഗുണഭോക്താവിന്റെ ഭാര്യയായ ശ്രീമതി.ലക്ഷ്മി എം ന്റെ ബാങ്ക് അക്കൗണ്ടിൽ)	₹3,40,000
4	ശ്രീമതി.ദേവകി പുതിയടത്ത്	69	ജനറൽ	₹40,000/20.02.2023	₹3,60,000
5	ശ്രീമതി.പെടച്ചി ലക്ഷ്മി	80	ജനറൽ	₹40,000/15.03.2023	₹3,60,000
6	ശ്രീ.രഘൂത്തമൻ സി	11	SC	₹40,000/18.01.2023	₹3,78,107
7	ശ്രീമതി.പാറ്റ എം	68	SC	₹40,000/04.01.2023	₹3,80,000
8	ശ്രീ.ദാമോദരൻ വി കെ	99	SC	₹40,000/04.01.2023	₹3,60,000
9	ശ്രീ.ലക്ഷ്മണൻ .ഇ	4	ST	₹40,000/08.10.2021 (തുക കൈമാറിയിരിക്കുന്നത് ഗുണഭോക്താവിന്റെ ഭാര്യയായ ശ്രീമതി.സരോജിനി സി യുടെ ബാങ്ക് അക്കൗണ്ടിൽ)	₹5,43,825
10	ശ്രീ.മാധവൻ ആലപ്പടമ്പൻ	67	SC (EPIP)	₹40,000/31.01.2023	₹3,60,000
11	ശ്രീ.ശശിധരൻ	428	ജനറൽ (EPIP)	₹40,000/ 04.02.2023 (തുക കൈമാറിയിരിക്കുന്നത് ഗുണഭോക്താവിന്റെ ഭാര്യയായ ശ്രീമതി.കാർത്ത്യായനി പി യുടെ ബാങ്ക് അക്കൗണ്ടിൽ)	₹3,60,000

2021-22, 2022-23, 2023-24 കാലയളവിൽ ആദ്യ ഗഡു ഉൾപ്പെടെയുള്ള ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് 01.08.2025 ന് നൽകിയ 31-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേൽ പട്ടിക 1-ൽ സൂചിപ്പിച്ച ശ്രീ.വർഗ്ഗീസ് മുണ്ടയ്ക്കൽ, ശ്രീ.ഷൈജു പി/ശ്രീമതി.ധന്യ വി എന്നീ ഗുണഭോക്താക്കൾ വീട് നിർമ്മാണം നടത്താനുള്ള സാഹചര്യം ഇല്ലായെന്നും പണം തിരിച്ച് തരാമെന്നും അറിയിച്ചിരുന്നെന്നും എന്നാൽ തുക തിരിച്ചടച്ചില്ലായെന്നും ഇവർ വീട് നിർമ്മാണ പ്രവൃത്തി തുടങ്ങാത്ത പക്ഷം കൈമാറിയ തുക പലിശസഹിതം തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ പട്ടിക 2-ൽ സൂചിപ്പിച്ച പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും ആയതിൽ ക്രമ നമ്പർ 4, 7 പ്രകാരമുള്ള ഗുണഭോക്താക്കൾ മരണപ്പെട്ടുവെന്നും ക്രമ നമ്പർ 8 പ്രകാരമുള്ള ഗുണഭോക്താവിന്റെ മകന് സർക്കാർ ജോലി ലഭിച്ചതിനാലാണ് അവസാന ഗഡു അനുവദിക്കാതിരുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതും മറ്റ് ഭവനനിർമ്മാണങ്ങൾ (ക്രമ നമ്പർ 8 പ്രകാരം ഒഴികെയുള്ളവ) പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-25 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതകളുടെ ഹെൽത്ത് ക്ലബിനെ സ്വയം തൊഴിൽ സംരംഭത്തിൽ ഉൾപ്പെടുത്തി വനിതാ സംരംഭകർക്ക് ധനസഹായം നൽകി- ₹1,50,000 യുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, പെരിങ്ങോം സർക്കിൾ
പ്രൊജക്ട് നമ്പർ, പേര്	S0141/25-സ്വയം തൊഴിൽ-സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ
അടങ്കൽ	₹7,50,000-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം

	₹8,00,000-മറ്റുള്ളവ ആകെ അടങ്കൽ: ₹15,50,000
ചെലവ്	₹7,50,000-വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം
തുക/ബിൽ നമ്പർ/ തീയതി	₹1,50,000/2/09.05.2024

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ത്രീകൾ മാത്രമുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വേണ്ടി ധനസഹായം നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. വായ്പാബന്ധിതമായോ അല്ലാതെയോ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. 2024-25 വർഷ കാലയളവിൽ ഷീ ഷൈൻ ഹെൽത്ത് ക്ലബ് എന്ന ഗ്രൂപ്പിന് വനിതകളുടെ ജിംനേഷ്യം ആരംഭിക്കുന്നതിനായി ₹1,50,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ശ്രീമതി.സവിത വി, ശ്രീമതി.കവിത വി എന്നീ വനിതകളുടെ സംരംഭമാണ് ഷീ ഷൈൻ ഹെൽത്ത് ക്ലബ്. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ പാടിച്ചാൽ ബസ് സ്റ്റാന്റിന്റെ സമീപത്തുള്ള ഗ്രാമപഞ്ചായത്ത് ബിൽഡിംഗിലാണ് (കെട്ടിട നമ്പർ: PVP II 574/F2) പ്രസ്തുത സംരംഭം പ്രവർത്തിക്കുന്നത്. മേൽ സംരംഭവുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന സ്ഥിര മൂലധന നിക്ഷേപം എന്നതിൽ ഒരു ജിംനേഷ്യം ആരംഭിക്കുന്നതിനായി ഏറ്റവും അത്യാവശ്യമുള്ള ജിം ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടില്ല. ജിംനേഷ്യം തുടങ്ങുന്നതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ചെലവുകൾ ആണ് സ്ഥിര മൂലധന നിക്ഷേപം ആയി പ്രോജക്ട് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ചെലവ് രേഖകളിൽ ഉൾപ്പെടുന്ന ബില്ലുകളിലും സംരംഭകർ സ്ഥിരമൂലധന നിക്ഷേപവുമായി ബന്ധപ്പെട്ട വാങ്ങലുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 29.07.2025 തീയതി നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംരംഭത്തിനായി ഗ്രാമപഞ്ചായത്ത് ₹9,99,927 മൂല്യം ഉള്ള ഉപകരണങ്ങൾ വിതരണം ചെയ്തിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്.

31.07.2025 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക സ്ഥല പരിശോധനയിൽ 2024-25 വർഷം പ്രോജക്ട് നമ്പർ S00151/2025 പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പാടിയോട്ട്ചാൽ വനിതാ ഫിറ്റ്നസ് സെന്ററിന് ഉപകരണ വാങ്ങൽ എന്ന പ്രോജക്ടിനായി വാങ്ങിയ ₹9,99,927 യുടെ ജിംനേഷ്യം ഉപകരണങ്ങൾ ഉപയോഗിച്ചാണ് ഷീ ഷൈൻ ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നതെന്നും സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 08.04.2024 തീയതി മുതലാണെന്നും നിലവിൽ 70 പേർ ഹെൽത്ത് ക്ലബ് സേവനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ഒരാളിൽ നിന്നും ₹750 പ്രതിമാസം ഫീ ആയി വാങ്ങുന്നതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്ഥാപനത്തിന് കൈമാറിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല (ഈ റിപ്പോർട്ടിലെ ഖ.1-26 കാണുക).

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന ഉപകരണങ്ങൾ, പ്രധാന സ്ഥിര മൂലധന നിക്ഷേപമായി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭവുമായി ബന്ധപ്പെട്ട സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ ₹1,50,000 യുടെ ചെലവ് നിരാകരിക്കുന്നു.

1-26 പാടിയോട്ടുചാൽ വനിതാ ഫിറ്റ്നസ് സെന്റർ-ഗ്രാമപഞ്ചായത്തിന്റെ ആസ്തി ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾ വരുമാനം ഉണ്ടാക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രൊജക്ട് നമ്പർ, പേര്	S0151/25-പാടിയോട്ട്ചാൽ വനിതാ ഫിറ്റ്നസ് സെന്ററിന് ഉപകരണം വാങ്ങൽ (സ്പിൽ ഓവർ)
അടങ്കൽ	₹10,00,000
ആകെ ചെലവ്	₹9,99,927-വികസനഫണ്ട്-പൊതുവിഭാഗം-സാധാരണവിഹിതം ₹3,98,768/26/16.05.2024 ₹2,94,360/27/16.05.2024 ₹2,50,537/28/16.05.2024 ₹56,262/29/16.05.2024

ഗ്രാമപഞ്ചായത്ത് പരിധിയിലെ വനിതകളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത ഫിറ്റ്നസ് സെന്ററിലേക്ക് ആവശ്യമായ വ്യായാമ ഉപകരണങ്ങൾ ഇ-ടെണ്ടർ ക്ഷണിച്ച് ഭരണസമിതി തീരുമാന പ്രകാരം വാങ്ങി നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. ഫിറ്റ്നസ് സെന്ററിന് വേണ്ടി 2024-25 ൽ ₹9,99,927 ചെലവഴിച്ച് സച്ദേവ് ഓവർസീസ് ഫിറ്റ്നസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പിലാക്കാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിത

സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ സ്വകാര്യ വ്യക്തികളാണ് നടത്തുന്നത് എന്നും പ്രതിമാസം ഒരാളിൽ നിന്നും സേവനത്തിനായി ₹750 ഈടാക്കുന്നുണ്ട് എന്നും ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടില്ല എന്നും കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചിട്ടില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി യിൽ നിന്നും വാടക നിശ്ചയിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് ഈടാക്കുമെന്നും ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് 26.07.2025 ന് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറും അറിയിച്ചിട്ടുണ്ട്.

31.07.2025 തീയതി ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക സ്ഥല പരിശോധനയിൽ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ പാടിച്ചാൽ ബസ് സ്റ്റാന്റിന്റെ സമീപത്തുള്ള ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലാണ് (കെട്ടിട നമ്പർ: PVP II 574/F2) ഫിറ്റ്നസ് സെന്റർ പ്രവർത്തിക്കുന്നതെന്നും 2024-25 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ S0141/25 പ്രകാരം വി.ഇ.ഒ-പെരിങ്ങോം സർക്കിൾ നിർവ്വഹണം നടത്തിയ സ്വയം തൊഴിൽ-സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ₹1,50,000 സബ്സിഡി നൽകി പ്രവർത്തനം ആരംഭിച്ച ഷീ ഷൈൻ ഹെൽത്ത് ക്ലബ് ആണിതെന്നും 08.04.2024 മുതൽ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഒരാൾക്ക് പ്രതിമാസം ₹750യാണ് ഫീ ആയി ഈടാക്കുന്നതെന്നും നിലവിൽ 70 പേർ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ബോധ്യപ്പെട്ടു. യാതൊരു കരാറും ഇല്ലാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾ വരുമാനം ഉണ്ടാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. 08.04.2024 മുതൽ നാളിതുവരെയുള്ള ഷീ ഷൈൻ ഹെൽത്ത് ക്ലബിന്റെ വരുമാനം പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട അർഹമായ വിഹിതം പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും ഫിറ്റ്നസ് സെന്റർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നേരിട്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-27 എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	8/25, എ ബി സി പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ
അടങ്കൽ	₹1,00,000 (തനത് ഫണ്ട്)
ചെലവ്	₹1,00,000, ബിൽ നമ്പർ/തീയതി: 22401379/21.03.2025

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ജില്ലാ ട്രഷറിയിലുള്ള 799011400000958 നമ്പർ എസ് ടി എസ് ബി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/26.07.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1,16,970 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	3/25, ഐ കെ എം വിഹിതം നൽകൽ
അടങ്കൽ	₹1,16,970 (വികസന ഫണ്ട് -ജനറൽ)
ചെലവ്, ബിൽ നമ്പർ/തീയതി	₹1,16,970, 200/20.12.2024

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക്(നം.57047023512) ₹1,16,970 നൽകിയിട്ടുണ്ട്. തുക അനുവദിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/26.07.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ₹1,16,970 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 വൈദ്യുതി ചാർജ്ജ് അടയ്ക്കൽ - മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.03.2013-ലെ സർക്കുലർ നമ്പർ 65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ സാങ്കേതിക സഹായം കെ.എസ്.ഇ.ബി (KSEB) നൽകേണ്ടതും, അതിനാവശ്യമായ ചെലവ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതുമാണ്. സർക്കാർ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം മീറ്റർ ഘടിപ്പിച്ച ഓട്ടോമാറ്റിക് തെരുവ് വിളക്കുകളുടെ സംവിധാനം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. പകരം, ഉപയോഗിച്ച വൈദ്യുതിയുടെ അടിസ്ഥാനത്തിൽ അല്ലാതെ, വിളക്കുകളുടെ തരം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന നിരക്ക് പ്രകാരം വൈദ്യുതി ബിൽ അടവാക്കുകയാണ് ചെയ്തു വരുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ ഈ രീതിയിൽ ഗ്രാമപഞ്ചായത്ത് ₹1,27,415 ഒടുക്കിയിട്ടുണ്ട്. മേൽ വ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 KSEB വൈദ്യുതി കണക്ഷനും അംഗൻവാടിയുടെ കുഴൽ കിണർ റിപ്പയറും സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1,06,822 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22400101/23.04.2024 പ്രകാരം, LT-Normal (Low Tension - Normal Connection) വിഭാഗത്തിൽ എം.സി.എഫിൽ പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ, കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ പാടിയോട്ടുചാലിന്റെ എസ്റ്റിമേറ്റുപ്രകാരം ₹83,822 യും, വൗച്ചർ നമ്പർ 22401192/31.01.2025 പ്രകാരം പെരിന്തട്ട സെന്ററിലെ അംഗൻവാടിയിലെ കുഴൽ കിണർ റിപ്പയർ, ഫ്ലഷിംഗ് പൂർത്തീകരണം, പൊട്ടിയ ബോർവെൽ ക്യാപ് മാറ്റൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഭൂജല വകുപ്പിന് ₹23,000 യും നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറികൾ യഥാക്രമം (10, 11/26.07.2025) ക്ക് നൽകിയ മറുപടിയിൽ, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹106,822 (₹83822+₹23000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് - വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല- ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ടിന്റെ പേര്	വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്
പ്രൊജക്ടിന്റെ നമ്പർ	259/25
അടങ്കൽ	₹25,000 (വികസന ഫണ്ട് ജനറൽ)
ചെലവ്	₹25,000 ബിൽ നമ്പർ & തീയതി: 384/24.03.2025

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 07.03.2025 തീയതിയിലെ സ.ഉ.(സാധാ)നം.645/2025 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹25,000 ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/01.08.2025) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 ജൽജീവൻ മിഷൻ പദ്ധതി

2024 വർഷത്തോടെ എല്ലാ വീടുകളിലും ഗാർഹിക ടാപ്പ് കണക്ഷൻ മുഖേന ആവശ്യമായ അളവിൽ ശുദ്ധജലം എത്തിക്കുക എന്നതാണ് ജൽജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യം. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/23.07.2025) ലഭ്യമാക്കിയ മറുപടിയിൽ, ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ഇതേവരെ തുകയൊന്നും ഈടാക്കിയിട്ടില്ലെന്നും 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമോ ഗുണഭോക്തൃ വിഹിതമോ ആയി തുകയൊന്നും കൈമാറിയിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

1-33 ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗം- ഗ്രാമപഞ്ചായത്ത് തല അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം.2132/ 2022/LSGD തീ.

31.08.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തീയതി: 01.09.2022, സ.ഉ.(സാധാ)നം.1625/2023/ത.സ്വ.ഭ.വ. തീയതി: 09.08.2023 എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/ത.സ്വ.ഭ.വ തീയതി: 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലാ ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.

2021-26 അവാർഡ് കാലയളവിൽ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലാ ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

ലഭിച്ച അലോട്ട്മെന്റ്

ഗ്രാന്റ് വർഷം	സ്കീം 1	സ്കീം 3	സ്കീം 4	ആകെ
2021-22 (തുക ലഭിച്ചത് 2022-23 ൽ)	-	3,47,877	2,35,000	5,82,877
2022-23 (തുക ലഭിച്ചത് 2023-24 ൽ)	27,75,000	9,87,000	4,09,000	41,71,000
2023-24 (തുക ലഭിച്ചത് 2024-25ൽ)	-	4,12,000	6,52,000	10,64,000
ആകെ	27,75,000	17,46,877	12,96,000	58,17,877

ചെലവഴിച്ച തുക

ഗ്രാന്റ് വർഷം	സ്കീം 1	സ്കീം 3	സ്കീം 4	ആകെ
2021-22	-	-	-	-
2022-23	-	1,00,000	1,62,790	2,62,790
2023-24	-	2,47,877	3,15,173	5,63,050
2024-25	-	5,68,881	1,66,037	7,34,918
ആകെ	-	9,16,758	6,44,000	15,60,758

നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരു വിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവു തുക
2022-23	ആശുപത്രിയിലും സബ്സെന്ററുകളിലും	100000

	രോഗനിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ	
2022-23	കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	162790
2023-24	കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	72210
2023-24	ആശുപത്രിയിലും സബ്സെന്ററുകളിലും രോഗനിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (SO)	2,47,877
2023-24	കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	2,42,963
2024-25	ആശുപത്രിയിലും കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ	5,68,881
2024-25	കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	1,66,037
ആകെ		15,60,758

ആരോഗ്യ ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല.

2022-23 വർഷം മുതൽ 2024-25 വർഷം വരെയായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ₹4257119 ഇപ്പോഴും ചെലവഴിക്കാതെ ബാക്കിയുണ്ട്. സ്കീം-4 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യവർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ പ്രോജക്ടുകൾ പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടില്ല. ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതകളുടെ ഹെൽത്ത് ക്ലബിനെ സ്വയം തൊഴിൽ സംരംഭത്തിൽ ഉൾപ്പെടുത്തി വനിതാ സംരംഭകർക്ക് ധനസഹായം നൽകി- ₹1,50,000 യുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, പെരിങ്ങോം സർക്കിൾ
പ്രൊജക്ട് നമ്പർ, പേര്	S0141/25-സ്വയം തൊഴിൽ-സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ
അടങ്കൽ	₹7,50,000-വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം ₹8,00,000-മറ്റുള്ളവ ആകെ അടങ്കൽ: ₹15,50,000
ചെലവ്	₹7,50,000-വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം
തുക/ബിൽ നമ്പർ/ തീയതി	₹1,50,000/2/09.05.2024

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ത്രീകൾ മാത്രമുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വേണ്ടി ധനസഹായം നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. വായ്പാബന്ധിതമായോ അല്ലാതെയോ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. 2024-25 വർഷ കാലയളവിൽ ഷീ ഷൈൻ ഹെൽത്ത് ക്ലബ് എന്ന ഗ്രൂപ്പിന് വനിതകളുടെ ജിംനേഷ്യം ആരംഭിക്കുന്നതിനായി ₹1,50,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ശ്രീമതി.സവിത വി, ശ്രീമതി.കവിത വി എന്നീ വനിതകളുടെ സംരംഭമാണ് ഷീ ഷൈൻ ഹെൽത്ത് ക്ലബ്. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ പാടിച്ചാൽ ബസ് സ്റ്റാന്റിന്റെ സമീപത്തുള്ള ഗ്രാമപഞ്ചായത്ത് ബിൽഡിംഗിലാണ് (കെട്ടിട നമ്പർ: PVP II 574/F2) പ്രസ്തുത സംരംഭം പ്രവർത്തിക്കുന്നത്. മേൽ സംരംഭവുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന സ്ഥിര മൂലധന നിക്ഷേപം എന്നതിൽ ഒരു ജിംനേഷ്യം ആരംഭിക്കുന്നതിനായി ഏറ്റവും അത്യാവശ്യമുള്ള ജിം ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടില്ല. ജിംനേഷ്യം തുടങ്ങുന്നതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ചെലവുകൾ ആണ് സ്ഥിര മൂലധന നിക്ഷേപം ആയി പ്രോജക്ട് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ചെലവ് രേഖകളിൽ ഉൾപ്പെടുന്ന ബില്ലുകളിലും സംരംഭകർ സ്ഥിരമൂലധന നിക്ഷേപവുമായി ബന്ധപ്പെട്ട വാങ്ങലുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 29.07.2025 തീയതി നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംരംഭത്തിനായി ഗ്രാമപഞ്ചായത്ത് ₹9,99,927 മൂല്യം ഉള്ള ഉപകരണങ്ങൾ വിതരണം ചെയ്തിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്.

31.07.2025 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക സ്ഥല പരിശോധനയിൽ 2024-25 വർഷം പ്രോജക്ട് നമ്പർ S00151/2025 പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പാടിയോട്ട്ചാൽ വനിതാ ഫിറ്റ്നസ് സെന്ററിന് ഉപകരണ വാങ്ങൽ എന്ന പ്രോജക്ടിനായി വാങ്ങിയ ₹9,99,927 യുടെ ജിംനേഷ്യം ഉപകരണങ്ങൾ ഉപയോഗിച്ചാണ് ഷീ ഷൈൻ ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നതെന്നും സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 08.04.2024 തീയതി മുതലാണെന്നും നിലവിൽ 70 പേർ ഹെൽത്ത് ക്ലബ് സേവനം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ഒരാളിൽ നിന്നും ₹750 പ്രതിമാസം ഫീ ആയി വാങ്ങുന്നതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്ഥാപനത്തിന് കൈമാറിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല (ഈ റിപ്പോർട്ടിലെ ഖ.1-26 കാണുക).

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന ഉപകരണങ്ങൾ, പ്രധാന സ്ഥിര മൂലധന നിക്ഷേപമായി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭവുമായി ബന്ധപ്പെട്ട സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ ₹1,50,000 യുടെ ചെലവ് നിരാകരിക്കുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
19	103000	10300	0	-

ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.20204 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	

സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്

ഇല്ല

ഡി) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

ജീവനക്കാരുടെ എണ്ണം	സർവ്വീൽ പ്രവേശിച്ച മാസം	മെഡിസെപ് ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല					

4-2 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	21.07.2025 & 23.07.2025	നം.കെ.എസ്.എ/കെ.എൻ.ആർ/സി.1/1298/ 2025 തീയതി: 16.10.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം	ലഭിച്ച തുക (₹)	പ്രൊജക്റ്റ് നമ്പർ/ പേര്	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്	59,500	106/25, നെൽകൃഷിക്ക് വിത്ത് വിതരണം, കൂലിച്ചിലവ് സബ്സിഡി	59,500	0
	49,560	57/25, പെയിൻ പാലിയേറ്റീവ് കെയർ	49,560	0
	1,40,000	110/25, ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം	1,40,000	0
	8,40,000	108/25, ലൈഫ് ഭവന പദ്ധതി – പൊതുവിഭാഗം	8,40,000	0
	2,52,600	42/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	2,52,600	0
	4,42,500	112/25, ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി	4,42,500	0
ആകെ	**17,84,160**		**17,84,160**	0
കണ്ണൂർ ജില്ലാ പഞ്ചായത്ത്	99,851	57/25, പെയിൻ പാലിയേറ്റീവ് കെയർ	99,851	0
	18,87,745	110/25, ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം	18,87,745	0
	1,20,000	42/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	1,20,000	0
	8,00,000	112/25, ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി	8,00,000	0
ആകെ	**29,07,596**		**29,07,596**	**0**

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ തീയതി	മുൻകൂർ നൽകിയ തുക (₹)	വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക (₹)	ബാക്കിയുള്ള തുക (₹)
കെ.എസ്. ഇ.ബി.	സ്ട്രീറ്റ് മെയിൻ ലൈനിൽ സ്ട്രീറ്റ്	22400389/ 30.07.2024	1,82,132	1,82,132	0

	കൺട്രോളർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് തുക കൈമാറൽ				
കെ.എസ്.ഇ.ബി.	LT-Normal വിഭാഗത്തിൽ എം.സി.എഫിൽ പുതിയ വൈദ്യുതി കണക്ഷൻ	22400101/ 23.04.2024	₹83,822	0	₹83,822
ഭൂജലവകുപ്പ്	പെരിന്തട്ട സെന്ററിലെ അംഗൻവാടിയിലെ കുഴൽ കിണർ റിപ്പയർ, ഫ്ലഷിംഗ് പൂർത്തീകരണം	22401192/ 31.01.2025	₹23,000	0	₹23,000

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

4-6 വായ്പ/വായ്പാ തിരിച്ചടവ്

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ₹19,80,000 വായ്പയിനത്തിൽ വരവുണ്ട്. (RP 31 ഷെഡ്യൂൾ പ്രകാരം) ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ	സർക്കാർ ഉത്തരവ് നം. തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം ലഭിച്ച തുക (₹)	ആകെ തിരിച്ചടക്കുവാനുള്ള വായ്പ തുക (₹)	ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ (₹)	വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക (₹)
ഹഡ്കോ ലോൺ-കെയുആർ ഡി എഫ് സി-ലൈഫ് ഭവന നിർമ്മാണ പദ്ധതി	സ.ഉ. (എം.എസ്) 68/1913/ 2018/ ത.സ്വ.ഭ.വ. തീയതി 13.08.2018	1,76,45,000 (2018-19) 1,97,50,000 (2023-24) 1980000 (2024-25) **ആകെ** 3,93,75,000	2,71,96,830 ലോൺ രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് ₹27196830 യാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം പലിശ തുകയായ ₹34,261 കൂടി തെറ്റായി ഉൾപ്പെടുത്തിയതിനാൽ മുന്നിരിപ്പ് ₹27231091 എന്നാണ് രേഖപ്പെടുത്തിയത്. ആയത് 2024-25ൽ പരിഹരിച്ചിട്ടുണ്ട്	19,80,000	2,91,76,830	28,63,097	2,63,13,733

വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

4-7 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം ₹21,95,000 യുടെ സ്ഥിര നിക്ഷേപം/ഷെയറുകൾ നിലവിലുണ്ട്.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹)	26,66,050
തൻവർഷം നിക്ഷേപിച്ച തുക (പലിശ) (₹)	2,17,474
ആകെ (₹)	28,83,524
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം/ഷെയറുകൾ (₹)	28,83,524

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം/ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	നിക്ഷേപത്തിന്റെ വിവരം	തുക (₹)	കാലാവധി തീയതി	റിമാർക്സ്
	മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി യുടെ സർട്ടിഫിക്കറ്റ് നമ്പർ 4430 മെമ്പർ നമ്പർ-119 തീയതി 08.05.2015	20,000	-	ഷെയർ
	കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഡി ക്ലാസ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 49, മെമ്പർ നമ്പർ 35 ഡി തീയതി 06.08.2015	10,000	-	ഷെയർ
	പെരിങ്ങോം സർവ്വീസ് സഹകരണ ബാങ്ക് -സ്ഥിര നിക്ഷേപം നമ്പർ-001001011687, തീയതി 26.04.24	28,53,524	25.04.2025 (12 മാസം)	**പലിശ നിരക്ക്:8.25%**
	ആകെ	₹28,83,524		

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹83,768 യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും	രശീതി നമ്പർ & തീയതി
2021-22	Para1-6-1(5)	2,500	വിനോദ്.പി	1240600936 തീയതി: 24.06.2024

2021-22	Para1-6-1(5)	2,500	വിനോദ്.പി	1240601085 തീയതി:05.07.2024
2021-22	Para 1-6-1(5)	5,971	കല്ല്യാണി പി	1240600933 തീയതി: 24.06.2024
2021-22	Para 1-6-1(5)	271	സുനിത പി	1240600934 തീയതി:24.06.2024
2021-22	Para 1-6-1(5)	8,139	ശോഭ വി.കെ	1240600975 തീയതി:26.06.2024
2021-22	Para 1-6-1(5)	2,317	വിനോദ്.പി	1240601122 തീയതി:09.07.2024
2022-23	Para 1-6-1 (ബി3)	8,326	പി മോഹനൻ	1240601024 തീയതി:28.06.2024
2022-23	Para 1-6-1 (ബി3)	6,890	പി മോഹനൻ	1240601025 തീയതി:28.06.2024
2022-23	Para 1-6-1 (ബി3)	8,202	ടോമി തോമസ്	1240600826 തീയതി:13.06.2024
2022-23	Para 1-6-1 (ബി3)	8,324	വിൽസൺ	1240600821 തീയതി:13.06.2024
2022-23	Para 1-6-1 (ബി3)	8,328	വി.പി കമലാക്ഷൻ	1240600963 തീയതി:25.06.2024
2022-23	Para 1-7-1	5,000	ഭാസ്കരൻ വി വി	1240600665 തീയതി:30.05.2024
2022-23	Para 1-7-1	5,000	ഭാസ്കരൻ വി വി	1240601242 തീയതി:26.07.2024
2022-23	Para 1-7-1	2,000	ഭാസ്കരൻ വി വി	1240601572 തീയതി:04.09.2024
2022-23	Para 1-7-1	5,000	ഭാസ്കരൻ വി വി	1240603178 തീയതി:21.12.2024
2022-23	Para 1-7-1	5,000	ഭാസ്കരൻവി.വി	1240606040 തീയതി:01.03.2025
		83,768		

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2005-06	2-91-1	2000-01	3-9	പാർട്ട് ബിൽ തുക അന്തിമ ബില്ലിൽ നിന്ന് കുറവ് ചെയ്തില്ല	നിയമസഭാ സമിതിയുടെ പരിഗണനയിൽ

2011-12	2-6-21	2007-08	3-1	നിക്ഷേപ പ്രവൃത്തികൾ നടപടികൾ പാലിക്കാതെ നടപ്പിലാക്കിയത്.	2888/പ്രോഡക്ട്സ്/അനർട്ട്/2012 തീയതി 29.08.2016 പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്. പരാമർശം തീർപ്പാക്കിയതായി വിവരം ലഭ്യമായിട്ടില്ല.
2020-21	അനുബന്ധം2	2019-20	1-23, 1-24, 1-25	മെഡിക്കൽ ഓഫീസർമാർ നടപ്പിലാക്കിയ പദ്ധതികൾ	നിയമസഭാ സമിതിയുടെ പരിഗണനയിൽ.
2023-24	ഭാഗം-2 ഖണ്ഡിക-8	2022-23	1-31	ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തികൾ- പ്രോജക്ട് തയ്യാറാക്കിയതിലെ അപാകം മൂലം ലക്ഷ്യം കൈവരിച്ചില്ല.	നിയമസഭാ സമിതിയുടെ പരിഗണനയിൽ

4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	:	6,59,79,648
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	:	6,41,83,475
വരവിനങ്ങളിലുള്ള നഷ്ടം (₹)	:	ഇല്ല.
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	:	1,50,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	:	4,69,792

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്
	ചാർജ്ജ് ചെയ്യാവുന്നത്	സർചാർജ്ജ് ചെയ്യാവുന്നത്	
1-25	-	1,50,000	വിവേക് ഭാസ്കരൻ.എം, വി.ഇ.ഒ, പെരിങ്ങോം സർക്കിൾ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	96,000	ശ്രീ.മനോജ്.സി.കെ, ഹെഡ് മാസ്റ്റർ
1-23	25,000	ശ്രീ.മനോജ്.സി.കെ, ഹെഡ് മാസ്റ്റർ
1-27	1,00,000	ശ്രീ.പങ്കജാക്ഷൻ.സി.കെ, സെക്രട്ടറി
1-28	1,16,970	ശ്രീ.പങ്കജാക്ഷൻ.സി.കെ, സെക്രട്ടറി
1-30	1,06,822	83822--ശ്രീ.ടൈറ്റസ്, സെക്രട്ടറി 23,000--ശ്രീ.പങ്കജാക്ഷൻ.സി.കെ, സെക്രട്ടറി
1-31	25,000	ശ്രീ.പങ്കജാക്ഷൻ.സി.കെ, സെക്രട്ടറി

ആകെ	4,69,792

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ടൈറ്റസ്.പി, സെക്രട്ടറി	സെക്രട്ടറി, വെൺമണി ഗ്രാമപഞ്ചായത്ത്	കുമ്പളത്ത് വടക്കേതിൽ മാങ്ങാട്.പി.ഒ, കൊല്ലം ജില്ല
ശ്രീ.പങ്കജാക്ഷൻ.സി.കെ, സെക്രട്ടറി	സെക്രട്ടറി, പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്	ചേണിച്ചേരി കുളങ്ങരത്ത് ഹൗസ്, തിമിരി.പി.ഒ, ചപ്പാരപ്പടവ്
ശ്രീ.മനോജ്.സി.കെ, ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ, യു.പി.എസ്. പോത്താംകണ്ടം	തണൽ, കാട്ടുതല, ചെറുവത്തൂർ-671313
ശ്രീ.വിവേക്ഭാസ്കരൻ.എം, വി.ഇ.ഒ,	വി.ഇ.ഒ, പെരിങ്ങോം വയക്കര	കൃഷ്ണപുരി, കൊഴുമ്മൽ.പി.ഒ, 670521

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
1999-2000	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	2
2000-01 (പദ്ധതിയേതരം)	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2001-02 (പദ്ധതി)	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2002-03	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2005-06	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2006-07	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2007-08	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2008-09	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	4

2011-12, 2012-13	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	2
2015-16	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	1
2016-17	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	2
2018-19	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	3
2019-20	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	9
2020-21	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	10
2021-22	കെഎസ്എ/കെഎൻആർ/സി1/761/2025 തീയതി 03.07.2025	27
2022-23	കെ.എസ്.എ/കെ.എൻ.ആർ/സി1/290/2024 തീയതി 01.03.2024	33
2023-24	കെ.എസ്.എ/കെ.എൻ.ആർ/സി1/325/2025 തീയതി 11.03.2025	33

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3/2025(1) dated 30-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Peringome Vayakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Peringome Vayakkara Grama Panchayat as on 31-03-2025

Date: 16/10/2025

Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Peringome Vayakkara Grama Panchayat for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. The mandatory financial statements prescribed in accounting rules are not submitted for audit.

2. The public work for which has part bill payment made in 2024-25 is not accounted in capital work in progress in balance

sheet.

3. The Asset value shown in balance sheet is not traceable with Asset Register as it is not updated.

4. Balance as per B 4 and B17 schedule do not match in the case of Distress Relief Fund.

5. Deposit amounts were not included in B-18 Shedule.

6. The value of the vehicle purchased for the Haritha Karma Sena has not been included in the Balance Sheet.

7. The calculation statement of Depreciation not produced.

8. Lapses in making timely and accurate demand entries in respect of tax and non tax revenue.
9. Cash Flow Statement-Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ധനകാര്യ പത്രികകൾ

1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ് മെന്റ്

Peringome Vayakkara Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2024 to 31-March-2025

Code.No.	Description of Items	Schedule No.	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	50833038.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	1651080.00
140000000	Fees & User Charges	RP-4	4542435.00
150000000	Sale & Hire Charges	RP-5	131842.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	19541332.00
171000000	Interest Earned	RP-9	704586.00
190000000	Prior Period Income	RP-11	202555.00
311000000	Earmarked Funds	RP-28	17524.00
320000000	Grants, Funds & Contributions for Specific Purposes	RP-30	24861817.00
431000000	Sundry Debtors (Receivables)	RP-45	10568971.00
460000000	Loans, Advances and Deposits	RP-49	26800.00
	Non Operating		
180000000	Other Income	RP-10	6852.00
330000000	Secured Loans	RP-31	1980000.00
340000000	Deposits Received	RP-33	306775.00
350000000	Other Liabilities	RP-35	1437079.00

	Grand total		**116812686.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	124616.00
320000000	Grants, Funds & Contributions for Specific Purposes	RP-30	390452.00
431000000	Sundry Debtors (Receivables)	RP-45	10311589.00
460000000	Loans, Advances and Deposits	RP-49	488800.00
	Non Operating		
330000000	Secured Loans	RP-31	0.0
340000000	Deposits Received	RP-33	104000.00
350000000	Other Liabilities	RP-35	52764018.00
	Closing Balance		
Bank	Bank	RP-40(b)	52629211.00
Cash	Cash	RP-40(b)	0.0
	Grand Total		**116812686.00**

2. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Peringome Vayakkara Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2024 to 31-March-2025

Code.No.	Description of Items	Schedule No.	Amount
	INCOME		
110000000	Tax Revenue	I-1	9170883.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	707176.00
140000000	Fee & User Charges	I-4	4321479.00

150000000	Sale & Hire Charges	I-5	138243.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	236061011.00
170000000	Income from Investments	I-7	217474.00
171000000	Interest Earned	I-8	704586.00
180000000	Other Income	I-9	6852.00
190000000	Prior Period Income	I-19	129276.00
	Total Income		**251327704.00**
	EXPENDITURE		
210000000	Establishment Expenses	I-10	16569295.00
220000000	Administrative Expenses	I-11	2106748.00
230000000	Operations & Maintenance	I-12	1181270.00
240000000	Interest & Finance Charges	I-13	1231.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	11464011.00
251000000	Decentralised Plan Programme-Service Sector	I-14(A)	50149409.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	1223701.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	41023560.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	92576400.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	2356555.00

260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	7593.00
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	47162021.00
	Total Expenditure		**265821794.00**
	Gross Surplus/Deficit of income over Expenditure		**-14494090.00**
	Gross Surplus/Deficit of income over Expenditure		**24393886.00**
190000000	Prior Period Income	I-19	-129276.00
290000000	Prior Period Expense	1-18	(-)39017252.00
	Net difference	1-19-1-18	(-)38887976.00

3. ബാലൻസ് ഷീറ്റ്

Peringome Vayakkara Grama Panchayat
BALANCE SHEET
As on 31-March-2025

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	11555252.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	24707.00
312000000	Reserves	B-3	157636352.00
	Total Reserve & Surplus		**169216311.00**

	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	29873352.00
	Total Grants, Contributions for Specific Purposes		**29873352.00**
	Loans		
330000000	Secured Loans	B-5	26313733.00
331000000	Unsecured Loans	B-6	0.0
	Total Loans		**26313733.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	1736198.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3127998.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**4864196.00**
	TOTAL LIABILITIES		**230267592.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	2763848.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	2020029.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	28976479.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	249003677.00

416000000	Accumulated Depreciation	B-11(a)	-122115050.00
	Total Fixed Assets		**160648983.00**
	Investments		
420000000	Investments-General Fund	B-12	2883524.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**2883524.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	10956495.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	52629211.00
460000000	Loans, Advances and Deposits	B-18	3149379.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**66735085.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure To the Extent not written off)		**0.0**
	TOTAL ASSETS		**230267592.00**

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ